# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3234 — 24.02.2016-ൽ മറുപടിക്ക്

**ഫിഷറീസ് വകുപ്പിൽ വിവിധ തസ്തികകളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | എൻ.ഇ.ജി.പി. സ്കീമിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിൽ എത്ര ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട് എന്നത് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ; ഇവരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പിൽ എൻ.ഇ.ജി.പി. സ്കീമിൽ ഉൾപ്പെടുത്തി പതിനാല് ജില്ലകളിലും ഡയറക്ടറേറ്റിലുമായി 15 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. പ്രതിമാസം 7500/- രൂപ നിശ്ചിത വേതന ക്രമത്തിൽ 10 മാസം വീതം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ആകെ 11,25,000/- രൂപയുടെ ഫണ്ട് കൃഷി വകുപ്പ് ഡയറക്ടർ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | വകുപ്പിൽ ടൈപ്പിസ്റ്റുകളുടെ സേവനം ലഭ്യമുള്ളപ്പോൾ കരാർ നിയമനം നടത്തിയത് കേന്ദ്ര ഫണ്ടിന്റെ ദുർവിനിയോഗമാണ് എന്ന ആക്ഷേപം ഉയർന്നു വന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; സർക്കാരിന് ഇക്കാര്യത്തിലുള്ള വിശദീകരണം എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാർ അംഗീകരിച്ച എൻ.ഇ.ജി.പി. പദ്ധതി പ്രകാരമാണ് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുള്ളത്. |
| (സി) | ഫിഷറീസ് വകുപ്പിൽ ഹൗസിങ്, റിപ്പയർ സ്കീമുകൾ നടത്തുന്നതിനായി കരാർ അടിസ്ഥാനത്തിൽ എത്ര പ്രൊജക്റ്റ് അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട് എന്നത് ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; ഇവരുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രോജക്ട് അസിസ്റ്റന്റുമാരുടെ പ്രവർത്തനം ജില്ലാ തലത്തിൽ വിലയിരുത്താറുണ്ട്. |
| (ഡി) | 2014-2015 വർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം (2015-16) ഇവരുടെ സേവനം ഉപയോഗപ്പെടുത്തി പദ്ധതി നിർമ്മാണം എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിഞ്ഞു എന്നതും, എത്ര ശതമാനം എന്നതും ജില്ല തിരിച്ച് വിശദമാക്കുമോ ? | (ഡി) | 2014-2015 വർഷത്തെ അപേക്ഷിച്ച് നടപ്പ സാമ്പത്തിക വർഷം 4990 പുതിയ ഭവനങ്ങളും, 3800 ഭവന അറ്റകുറ്റപ്പണികളും, 3600 ടോയ്‌ലറ്റുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം (1/2016) NFWF-പദ്ധതി വിഹിതത്തിന്റെ 62%വും Basic Infrastructure Facilities & Human Development of Fisherfolk പദ്ധതി വിഹിതത്തിന്റെ 90%വും ചെലവ് ചെയ്യാൻ കഴിഞ്ഞു. ഇത് പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവനത്തിന്റെ കൂടി ഫലമായി വിലയിരുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ജില്ല | ഭവന പദ്ധതി | ഭവന അറ്റകുറ്റപ്പണി, സാനിട്ടേഷൻ |
|---|---|---|---|
| 1 | തിരുവനന്തപുരം | 2 | 3 |
| 2 | കൊല്ലം | 2 | 2 |
| 3 | ആലപ്പുഴ | 3 | 1 |
| 4 | എറണാകുളം | 3 | 1 |
| 5 | തൃശ്ശൂർ | 1 | -- |
| 6 | മലപ്പുറം | 2 | 1 |
| 7 | കോഴിക്കോട് | 1 | 1 |
| 8 | കണ്ണൂർ | 1 | -- |
| 9 | കാസർഗോഡ് | 1 | -- |

സെക്ഷൻ ഓഫീസർ